മനഃശാസ്ത്ര സമീപനം, മദ്യത്തിന്റെയും ലഹരിമരുന്നുകളുടെയും ഉപയോഗത്തിലൂടെ സ്ത്രീകളും കുട്ടികളും അനുഭവിക്കുന്ന സാമൂഹിക പ്രശ്നങ്ങൾ, പൊതുസമൂഹത്തിൽ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

6. അബ്കാരി മയക്കുമരുന്ന് കുറ്റകൃത്യങ്ങളെ സംബന്ധിച്ച് രഹസ്യവിവരം ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പിലെ ഇന്റലിജൻസ് വിഭാഗത്തിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് വിദഗ്ധ അറിവ് ലഭിക്കുന്നതിനായി നടത്തുവാൻ ഉദ്ദേശിക്കുന്ന പരിശീലന പരിപാടിയിൽ ജനറൽ ഇന്റലിജൻസ് കളക്ഷൻ, ഡവലപ്പ്മെന്റ് ഓഫ് റിലയബിൾ സോഴ്സ് ഓഫ് ഇന്റലിജൻസ്, ഇന്ററോഗേഷൻ ഓഫ് സസ്പെക്ടസ്, സീക്രട്ട് എൻക്വയറി തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

എക്സൈസ് - ക്രൈംബ്രാഞ്ച് വിഭാഗം ആരംഭിക്കാൻ നടപടി

75 (1779) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ്-ക്രൈംബാഞ്ച് വിഭാഗം ആരംഭിക്കുമെന്ന തീരുമാനം ഇതുവരെ നടപ്പിലാക്കാത്തതിനുള്ള കാരണം വിശദമാക്കുമോ ;

(ബി) ക്രൈംബ്രാഞ്ച് വിഭാഗം ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഉണ്ടോ ; എങ്കിൽ അതിന്റെ ഘടന വിശദമാക്കുമോ ;

(സി) പ്രസ്തുത വിഭാഗം എന്ന് മുതൽ ആരംഭിക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ-സി) എക്സൈസ് വകുപ്പിൽ ക്രൈംബ്രാഞ്ച് വിഭാഗം രൂപീകരിക്കണമെന്ന ശിപാർശ സർക്കാർ പരിശോധിച്ച് വരുന്നു. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

ബിവറേജസ് ഔട്ട്ലെറ്റുകളിലെ ജീവനക്കാരുടെ അപര്യാപ്തത

76 (1780) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര ബിവറേജസ് ഔട്ട്ലെറ്റുകൾ പ്രവർത്തിക്കുന്നുണ്ട് ; ഇവിടങ്ങളിൽ എത്ര തസ്തികകളാണ് ആകെയുള്ളത് ; നിലവിൽ എത്ര ജീവനക്കാരാണ് ഓരോ തസ്തികയിലും ഉള്ളത് ; ഇനി എത്ര ജീവനക്കാർകൂടി ഓരോ തസ്തികയിലും ആവശ്യമുണ്ട് ;

(ബി) ജീവനക്കാരുടെ കുറവുമൂലം നിലവിലുള്ള ജീവനക്കാർ വളരെയധികം കഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) റാന്നി ബിവറേജസ് ഔട്ട്ലെറ്റിൽ എത്ര ജീവനക്കാരാണ് വേണ്ടത് ; നിലവിൽ ഇവിടെ എത്ര ജീവനക്കാർ ഉണ്ട് ; ജീവനക്കാരുടെ കുറവ് ഇപ്പോൾ എങ്ങനെയാണ് പരിഹരിച്ചു പോകുന്നത് ;

(ഡി) പനി ബാധിച്ച് അവധി ആവശ്യപ്പെട്ടിട്ടും അധികൃതർ അവധി നൽകാത്തതിനെ തുടർന്ന് ഡ്യൂട്ടിക്കിടെ റാന്നി ബിവറേജസിൽ ജീവനക്കാരൻ കുഴഞ്ഞുവീണു മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അസുഖമായിട്ടും ഇയാൾക്ക് അവധി നൽകാത്ത മേലുദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഇ) റാന്നി ബിവറേജസിലെ തിരക്ക് കണക്കിലെടുത്ത് കൂടുതൽ ജീവനക്കാരെ നിയമിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര പേരെ അധികമായി നിയമിക്കും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരളത്തിൽ ഇപ്പോൾ 332 വിദേശമദ്യഷാപ്പുകൾ (എഫ്.എൽ.1) ബിവറേജസ് ഔട്ട്ലെറ്റുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. 292 എഫ്.എൽ.1 ഷോപ്പുകൾ ബിവറേജസ് കോർപ്പറേഷന്റെ കീഴിലും 40 എഫ്.എൽ.1 ഷോപ്പുകൾ, കൺസ്യൂമർഫെഡിന് കീഴിലും പ്രവർത്തിച്ചുവരുന്നുണ്ട്. കെ.എസ്.ബി.സി.-യിലെ തസ്തിക വിവരം ചുവടെ ചേർക്കുന്നു :

നമ്പർ	തസ്തികവിവരം	എണ്ണം
1.	അസിസ്റ്റന്റ്സ്	157
2.	എൽ.ഡി.ക്ലാർക്ക്	203
3.	ഹെൽപ്പർ	155
4.	അബ്കാരി ജീവനക്കാർ	1500
5.	ഡെപ്യൂട്ടേഷൻ ജീവനക്കാർ	405
	ആകെ	2420

നിലവിൽ കെ.എസ്.ബി.സി.-യിൽ സർക്കാർ അനുവദിച്ചിട്ടുള്ള 1721 തസ്തികകളിൽ 1040 പേർ ജോലി ചെയ്യുന്നുണ്ട്. അവശേഷിക്കുന്ന 681 തസ്തികകളിൽ പി.എസ്.സി. വഴി നിയമനം നടന്നുവരുന്നു. ഇതുകൂടാതെ അബ്കാരി വർക്കർ

LIBRARY ARCHIVES Kerala Legislative Assembly

വിഭാഗത്തിൽ 1579 പേർ ജോലി ചെയ്യുവരുന്നു. ടി തസ്തികകളിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം മാത്രമാണ് പുതുതായി നിയമനം നടത്തുന്നത്. അല്ലാതെ നിയമിക്കുന്നതിന് വ്യവസ്ഥയില്ല. കൺസ്യൂമർഫെഡിന് കീഴിൽ പ്രവർത്തിക്കുന്ന 40 എഫ്.എൽ. ഷോപ്പുകളിലായി 276 അബ്കാരി ജീവനക്കാരെ പുനർവിന്യസിച്ചു നിയമനം നൽകിയിരുന്നു. ആയതിൽ 187 ജീവനക്കാർ ഇപ്പോൾ ജോലി ചെയ്യുവരുന്നു. കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനുവേണ്ടി സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റ് ഒരു പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും 639 ജീവനക്കാരുടെ ആവശ്യമുണ്ടെന്ന് കണ്ടെത്തിയിട്ടുള്ളതുമാണ്. ടി റിപ്പോർട്ടിന്മേൽ നടപടി സ്വീകരിച്ചു വരുന്നു.

(ബി) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ നടത്തിവരുന്ന ചില ഷോപ്പുകളിൽ ജീവനക്കാരുടെ കുറവുണ്ട്. ഇപ്രകാരം കുറവുള്ള ഷോപ്പിലേക്ക് ജീവനക്കാരെ മാറ്റി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പി.എസ്.സി. വഴി നിയമനം നടത്തുന്ന പുതിയ ജീവനക്കാരെ ജീവനക്കാർ കുറവുള്ള ഷോപ്പുകളിൽ നിയമിച്ച് പ്രശ്നപരിഹാരം കാണുന്നുണ്ട്.

(സി) ബിവറേജസ് ഔട്ട്ലെറ്റുകളിൽ ആവശ്യമായ ജീവനക്കാരുടെ അടിസ്ഥാനത്തിൽ ഒരു സ്റ്റാഫ് പാറ്റേൺ കോർപ്പറേഷൻ നടപ്പാക്കിയിട്ടില്ല. ഓരോ ഷോപ്പിലെയും വിൽപ്പനയുടെ അടിസ്ഥാനത്തിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കാറുണ്ട്. റാന്നി ഷോപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് 7 ജീവനക്കാരുടെ ആവശ്യമുണ്ട്. ടി ഷോപ്പിൽ 18-5-2015-ൽ 8 ജീവനക്കാർ ഉണ്ടായിരുന്നു. എന്നാൽ അച്ചടക്ക നടപടിയുടെ ഭാഗമായി രണ്ട് ജീവനക്കാരെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യുകയും ഒരാളെ സ്ഥലം മാറ്റുകയും ചെയ്തിരുന്നു. അതിനുപകരമായി മറ്റിടങ്ങളിൽ നിന്നും 2 ജീവനക്കാരെ റാന്നി ഷോപ്പിലേക്ക് മാറ്റി നിയമിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) റാന്നി എഫ്.എൽ.-1 ഷോപ്പിലെ അബ്കാരി ജീവനക്കാരൻ ജോലിക്കിടെ കുഴഞ്ഞുവീണ് മരണപ്പെട്ടിട്ടുണ്ട്. ടിയാൻ അവധി ആവശ്യപ്പെട്ടുകൊണ്ട് മേലധികാരികൾക്ക് അപേക്ഷയൊന്നും നൽകിയിട്ടില്ലായിരുന്നു.

(ഇ) റാന്നി ബിവറേജസ് ഷോപ്പിലെ തിരക്ക് കണക്കിലെടുത്ത് ആവശ്യമായ കൂടുതൽ ജീവനക്കാരെ നിയമിക്കാനുള്ള നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly